ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ

18 (*348) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എം. എ. ബേബി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ പ്രക്ഷോഭങ്ങളിൽ ഈ സർക്കാരിന്റെ കാലയളവിലുണ്ടാക്കിയ ഒത്തുതീർപ്പ് തീരുമാനങ്ങൾ നടപ്പിലാക്കപ്പെട്ടത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഏതെല്ലാം ആവശ്യങ്ങൾ ഉന്നയിച്ച് നടത്തിയ സമരങ്ങളിലുണ്ടാക്കിയ തീരുമാനങ്ങൾ നടപ്പിലാക്കാതിരുന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ഉണ്ട്. ഒത്തുതീർപ്പ് തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കേന്ദ്ര സർക്കാരും സുപ്രീം കോടതിയും അംഗീകരിച്ച വാസയോഗ്യമായ 7693 ഹെക്ടർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആറളം ഫാമിംഗ് കോർപ്പറേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. ടി.ആർ.ഡി.എം.-ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വകുപ്പ് ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ ആദിവാസി ഭൂരിപക്ഷമുള്ള മേഖലകളെ പട്ടികവർഗ്ഗ മേഖലകളായി പ്രഖ്യാപിക്കുന്ന (പെസ) നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ റിപ്പോർട്ട് 7-4-2015-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് പരമ്പരാഗത കൃഷിരീതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. മുത്തങ്ങ സമരത്തിൽ കുടിയിറക്കപ്പെട്ട 447 ആദിവാസി കുടുംബങ്ങൾക്ക് പുനരധിവാസത്തിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. സമരത്തിൽ അറസ്റ്റ് ചെയ്യപ്പെട്ട 44 കുട്ടികളിൽ അർഹരായ 43 കുട്ടികൾക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ച് അവരുടെ അക്കൗണ്ടിൽ ഇതു നിക്ഷേപിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ആദിവാസികളുടെ പുനരധിവാസ പദ്ധതിക്കായി അനുവദിച്ച

LIBRARY ARCHIVES Kerala Legislative Assembly

50 കോടി രൂപ വിനിയോഗിച്ച് ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ആറളം ഫാമിലെ പൈനാപ്പിൾ കൃഷിയുടെ പാട്ടക്കാലാവധി പുതുക്കി നൽകേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖകൾ നൽകുന്നതിനുള്ള നടപടി പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നടത്തപ്പെട്ട നിൽപ്പുസമരം അവസാനിപ്പിക്കുന്നതിന് 17-12-2014-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭാ യോഗതീരുമാനങ്ങൾ നടപ്പിലാക്കിവരുന്നു.

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

19 (*349) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-ഹജ്ജ്-വഖഫ് വകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പഠിപ്പിക്കാനുദ്ദേശിക്കുന്ന സിലബസ് ഏതാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരം സ്കൂളുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഏതെല്ലാം ക്ലാസുകളാണ് പ്രസ്തുത സ്കൂളുകളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-ഹജ്ജ്-വഖഫ് വകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) കേന്ദ്ര സർക്കാർ സഹായത്തോടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി സംസ്ഥാനത്തൊട്ടാകെ പത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ടി പദ്ധതിക്കായുള്ള ഭരണാനുമതിയും സാമ്പത്തിക സഹായവും ലഭ്യമാകുന്നമുറയ്ക്ക് ഈ സ്കൂളുകൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly